# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.4103 25.06.2014-ൽ മറുപടിക്ക്

### 'ജലകേരളം' സെമിനാർ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.എം.എ.വാഹിദ്<br>ശ്രീ.വർക്കല കഹാർ<br>ശ്രീ.സി.പി.മുഹമ്മദ്<br>ശ്രീ.കെ.ശിവദാസൻ നായർ | | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ | ജലവിഭവ വകുപ്പ് 'ജലകേരളം' സെമിനാർ സംഘടിപ്പി ച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ സംഘടിപ്പിച്ചിട്ടുണ്ട്. 25.02.2014 ൽ കൊച്ചിയിൽ വച്ച് ഒരു ദിവസത്തെ സെമിനാർ നടത്തിയിട്ടുണ്ട്. |
| ബി | എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത സെമിനാർ മുഖേന കൈവരിക്കാനുദ്ദേശിച്ചിരുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം; | ബി പ്രധാനമായും കുടിവെള്ള മേഖലയിൽ ഇന്ന് നേരിടുന്ന പ്രശ്നങ്ങളും അവയ്ക്ക് കാലാനുസൃതമായ പരിഹാരങ്ങളും സംബന്ധിച്ചുള്ള ആശയങ്ങൾ പങ്ക് വയ്ക്കുക, കുടിവെള്ള സംരക്ഷണ ത്തിന്റെയും ഗുണനിലവാരത്തിന്റെയും പ്രാധാന്യം സംബന്ധിച്ച അവബോധം സൃഷ്ടിക്കുക എന്നിവയാണ് ഇതിലൂടെ പ്രധാനമായും ലക്ഷ്യമിട്ടിരിക്കുന്നത്. |
| സി | ജലസുരക്ഷയ്ക്ക് ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തുന്നത് സംബന്ധിച്ച് എന്തെല്ലാം കാര്യങ്ങളാണ് സെമിനാറിൽ ചർച്ച ചെയ്യപ്പെട്ടത്; വിശദമാക്കുമോ ; | സി ജലസുരക്ഷയ്ക്ക് ആധുനിക സാങ്കേതിക വിദ്യകളുപയോഗപ്പെടുത്തു ന്നത് സംബന്ധിച്ച ചർച്ചകളൊന്നും ഈ സെമിനാറിന്റെഭാഗമായി സംഘടിപ്പി ച്ചിരുന്നില്ല. |
| ഡി | ഇതിന്മേൽ എന്തെല്ലാം തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ ? | ഡി ജലസുരക്ഷക്ക് ആധുനിക സാങ്കേതിക വിദ്യകളുപയോഗപ്പെടുത്തുന്നത് സംബന്ധിച്ച ചർച്ചകളൊന്നും നടക്കാതിരുന്ന സാഹചര്യത്തിൽ ഇതുമായി ബന്ധപ്പെട്ട് പ്രത്യേകിച്ച് തുടർ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. |

എന്നാൽ ജലസംരക്ഷണത്തിന്റെയും ജലഗുണ നിലവാരത്തിന്റെയും പ്രാധാന്യം പൊതുജനങ്ങളിൽ എത്തിക്കുന്നതിന് വിവിധ സർക്കാർ ഏജൻസികളും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും മറ്റ് സംഘടനകളും മുഖേന സ്വീകരിക്കേണ്ട നടപടികളുടെ ആവശ്യകത ഈ സെമിനാർ അംഗീകരിക്കുകയുണ്ടായി. നിലവിൽ കേരള വാട്ടർ അതോറിറ്റി, കമ്മ്യൂണിക്കേഷൻ ആന്റ് കപ്പാസിറ്റി ഡവലപ്പ് മെന്റ് യൂണിറ്റ് (സാനിട്ടേഷൻ) എന്നീ സ്ഥാപനങ്ങൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ മുതലായവ വഴി ഇതുമായി ബന്ധപ്പെട്ട പ്രവർത്ത നങ്ങൾ ഊർജ്ജിതമായി നടത്തുന്നതിന് തീരുമാനിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(ഒപ്പ്)
സെക്ഷൻ ഓഫീസർ